## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം | 12.06.2014 -ലെ മറുപടിക്ക്

നമ്പർ : 1115

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് ഭൂരഹിതരായി എത്രപേരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; അതിൽ പട്ടകജാതി/പട്ടകവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രപേരുണ്ടെന്ന് ജില്ലതിരിച്ച് പറയാമോ;

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടത്തിയതിൽ ഒന്നാംഘട്ടമായി 2,43,928 കുടുംബങ്ങളെ അർഹരായ ഭൂരഹിത കുടുംബങ്ങളായി തെരഞ്ഞെടുത്തിരുന്നു. അവരിൽ താഴെ വിവരിക്കും പ്രകാരം പട്ടികജാതി/പട്ടകവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.

| ജില്ല | പട്ടികജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|
| തിരുവനന്തപുരം | 6585 | 34 |
| കൊല്ലം | 3363 | 19 |
| പത്തനംതിട്ട | 1779 | 68 |
| ആലപ്പുഴ | 1513 | 86 |
| കോട്ടയം | 1115 | 119 |
| ഇടുക്കി | 2543 | 63 |
| എറണാകുളം | 4128 | [illegible] |
| തൃശ്ശൂർ | 4792 | 23 |
| പാലക്കാട് | 4229 | 311 |
| മലപ്പുറം | 3695 | 195 |
| കോഴിക്കോട് | 456 | 15 |

| | | |
|---|---|---|
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവരിൽ എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) ഒന്നാം ഘട്ടമായി 36,491 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(സി) പട്ടികജാതിയിൽപ്പെട്ട 5668 പേർക്കും പട്ടകവർഗ്ഗത്തിൽപ്പെട്ട 518 പേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഭൂരഹിതരായ എല്ലാപേർക്കും ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഡി) ഇല്ല. ലഭ്യമാകുന്ന ഭൂമിക്കനുസൃതമായി വിവിധ ഘട്ടങ്ങളിലായിട്ടാണ് പദ്ധതി പ്രകാരം പട്ടയം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ട പട്ടയവിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. രണ്ടാം ഘട്ടപട്ടയ വിതരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഭൂരഹിതരായി കണ്ടെത്തിയ എല്ലാവർക്കും ഭൂമി വിതരണം ചെയ്യുന്ന നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

(ഇ) 2015 ഡിസംബർ മാസത്തോട് കൂടി പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്തക്കൾക്കും ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത്.

C.L.V. Kumar

സെക്ഷൻ ഓഫീസർ